# മൈക്കിൾ ജാക്സൻ ഏകാകിയുടെ നൊമ്പരങ്ങൾ

**മുഹമ്മദ് യഹ്‌യ**

We are the World
We are the ones who make a brighter day
So let's start giving
There's a choice we're making
We're saving our own lives
It's true we'll make a better day
Just you and me
There comes a time
When we heard a certain call
When the world must come together as one
**We Are the World, Michael Jakson**

■ മൈക്കിൾ ജാക്സൻ



**മൈക്കിൾ** ജാക്സനെ കേട്ടുതുടങ്ങിയത് മുതൽ ആ സംഗീതത്തിന്റെ മാസ്മരികതയിൽ പെട്ടുപോയിരുന്നു. ജാക്സന്റെ 'മൂൺ വാക്ക്' അത്ഭുതാദരവുകളോടെ നോക്കിനിന്നിട്ടുണ്ട്. നൃത്തത്തിന്റെ ആ ചടുലമായ ചലനങ്ങൾ അനുകരിക്കാൻ മണിക്കൂറുകളോളം പാടുപെട്ടത് ഇന്നും ഓർക്കുന്നു. അതുകൊണ്ടാണ് അമ്പതാം വയസ്സിൽ പോപ് രാജാവ് വിടവാങ്ങി എന്നു കേട്ടപ്പോൾ തരിച്ചിരുന്നുപോയത്.

അസ്വാഭാവികതകൾ നിറഞ്ഞതായിരുന്നു ജാക്സന്റെ ജീവിതം. സംഗീതജീവിതം ആരംഭിക്കുന്ന കാലത്തും താരമായി ജ്വലച്ചുയർന്നപ്പോഴും പിന്നെ ക്രമേണ താരമൂല്യം ഇടിഞ്ഞപ്പോഴും ഇതിൽ മാറ്റമുണ്ടായില്ല. വിവാദങ്ങളും വിടാതെ പിന്തുടർന്നു.

കുടുംബാംഗങ്ങൾ മാത്രമുള്ള *ജാക്സൻ 5* എന്ന സംഘത്തോടൊപ്പമായിരുന്നു ജാക്സന്റെ അരങ്ങേറ്റം. അപ്പോൾ വയസ്സ് പതിനൊന്ന്. അവരുടെ ഒന്നാമത്തെ സംഗീതസദ്യ തന്നെ (I want you back) റിക്കാർഡുകൾ തകർത്ത് ഒന്നാം സ്ഥാനത്തേക്ക് കുതിച്ചു. ജാക്സന്റെ പാട്ടും നൃത്തവും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. മ്യൂസിക് ഗ്രൂപ്പിന്റെ കേന്ദ്രം ജാക്സൻ ആയിത്തീരാൻ അധികം സമയം വേണ്ടിവന്നില്ല.

*ജാക്സൻ 5* വിട്ട ശേഷം നൂറ്റാണ്ടിലെ ഏറ്റവും വിജയകരമായ സംഗീത ഇതിഹാസത്തിന് തുടക്കമിടുകയായിരുന്നു അദ്ദേഹം. Off the Wall എന്ന ഒന്നാമത്തെ ആൽബം തന്നെ ഹിറ്റായി. ഡാൻസും ഡിസ്കോയും പോപും കലർത്തി അവതരിപ്പിച്ച ആൽബത്തിന്റെ പത്ത് മില്യൻ കോപ്പികളാണ് വിറ്റുപോയത്. 1982ൽ

Thriller പുറത്തു വന്നതോടെ മൈക്കിൾ ജാക്സൻ ചെയ്യുന്നതെന്തോ അതായി പോപിന്റെ നിർവചനം. എക്കാലത്തെയും ബെസ്റ്റ് സെല്ലറാണ് ഈ ആൽബം. വിറ്റുപോയത് 65 മില്യൻ കോപ്പികൾ! മൂന്നാം ആൽബം Badന്റെ റിലീസിന് ശേഷമാണ് ജാക്സന്റെ കരിയർ ഗ്രാഫ് പിന്നോട്ടടിക്കുന്നത്. ഇത് ജാക്സന്റെ വിചിത്ര സ്വഭാവ രീതികൾകൊണ്ടായിരുന്നു എന്നു പറയുന്നതിലും ശരിയുണ്ട്. പക്ഷേ അതു മാത്രമായിരുന്നില്ല ശരി. അത് മനസ്സിലാക്കാൻ ജാക്സനെ രൂപപ്പെടുത്തിയ വ്യത്യസ്ത ജീവിതസന്ദർഭങ്ങൾ അറിയണം.

ഓപ്റ വിൻഫ്രിയുമായുള്ള അഭിമുഖത്തിൽ, തനിക്കൊരു ദുരിതം പിടിച്ച കുട്ടിക്കാലമാണ് ഉണ്ടായിരുന്നതെന്ന് ജാക്സൻ സമ്മതിക്കുന്നുണ്ട്. എട്ട് സന്താനങ്ങളിൽ ഒരാളായിരുന്നു ജാക്സൻ. പിതാവ് വളരെ മോശമായാണ് പെരുമാറിയിരുന്നത്. *ജാക്സൻ 5* ന്റെ കാലത്ത് പിതാവ് അവനെ പ്രഹരിക്കുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തിരുന്നു. അതിനാൽ ഒരു താരമായി മാറിയപ്പോഴും ചെറുപ്പത്തിലെ പീഡനകാലം ജാക്സനെ വേട്ടയാടി. തന്റെ ആത്മകഥയിൽ ജാക്സൻ എഴുതി: "ലോകത്തെ ഏറ്റവും ഏകാകിയായ മനുഷ്യനാണ് ഞാൻ."

അതിനാൽ നഷ്ടപ്പെട്ട കുട്ടിക്കാലം വീണ്ടെടുക്കാനുള്ള ശ്രമമായിരുന്നു ഈ താരരാജാവിന്റെ ജീവിതം എന്നു പറയാം. മില്യൻ കണക്കിന് ഡോളറുകൾ ഒരു കുട്ടിയുടെ കൈയിൽ വെച്ചുകൊടുത്ത് ഇഷ്ടമുള്ളത് ചെയ്തോ എന്നു പറഞ്ഞാൽ അവൻ എന്താവും ചെയ്യുക?! അവന്റെ ഭാവനയിലുള്ള ഒരു തീം പാർക്ക് നിർമിക്കും. ഇതുതന്നെയാണ് ജാക്സനും ചെയ്തത്. അതാണ് ജാക്സന്റെ Neverland എന്ന ഫാന്റസി പാർക്ക്.

പിന്നെ വിവാദങ്ങളുടെ കാലമായിരുന്നു. പ്രായമാകാതിരിക്കാൻ ഹൈപർബറിക് ഓക്സിജൻ ചേമ്പറിൽ ഉറങ്ങുന്നു, കറുത്ത തൊലി വെളുത്തതായി തോന്നിക്കാൻ വിദ്യകൾ കാണിക്കുന്നു എന്നിങ്ങനെ പലവിധ ആരോപണങ്ങൾ. ഇതെല്ലാം ജാക്സൻ നിഷേധിച്ചു. തനിക്ക് തൊലിയുടെ നിറം നഷ്ടപ്പെടുന്ന ഒരുതരം രോഗം (Vitiligo) ഉണ്ടെന്ന് അദ്ദേഹം വെളിപ്പെടുത്തി. ഒരു പെപ്സി പരസ്യം ഷൂട്ട് ചെയ്യുമ്പോൾ തീ ആളിപ്പടർന്ന് ജാക്സന്റെ മുടി കത്തിപ്പോയിരുന്നു. അതുകൊണ്ടാണ് വിഗ്ഗ് വെക്കുന്നതെന്നും വ്യക്തമാക്കി. സ്ത്രീവേഷം കെട്ടുന്നതിലും രൂക്ഷ വിമർശനമുയർന്നു. ആൽബങ്ങളുടെ വിൽപന കുത്തനെ താണുകൊണ്ടിരിക്കുമ്പോഴാണ് ബാലപീഡനത്തിന് ജാക്സനെതിരെ കേസെടുക്കുന്നത്. ജാക്സൻ കുറ്റക്കാരനല്ലെന്ന് ഒടുവിൽ വിധിയെഴുത്തുണ്ടായി.

വിവാദങ്ങളും വിമർശനങ്ങളും പോപ് രാജാവിനെ ഉൾവലിയാൻ പ്രേരിപ്പിച്ചു. കഴിഞ്ഞ പത്തു വർഷമായി പുതിയ ആൽബം പുറത്തിറങ്ങുകയോ സ്റ്റേജ് പ്രോഗ്രാമുകൾ അവതരിപ്പിക്കുകയോ ചെയ്തിരുന്നില്ല. കഴിഞ്ഞ മാർച്ചിലാണ് ലണ്ടനിൽ താൻ 50 സംഗീത വിരുന്നുകൾ നടത്തുമെന്ന് ജാക്സൻ പ്രഖ്യാപിച്ചത്. ഒരുപക്ഷേ ഇതൊരു തിരിച്ചുവരവിന് വഴിയൊരുക്കുമായിരുന്നു. ടിക്കറ്റുകളൊക്കെ നേരത്തേ തന്നെ വിറ്റുപോയിരുന്നു. അങ്ങനെയിരിക്കെയാണ് 2009 ജൂൺ 25ന് അപ്രതീക്ഷിതമായി ഹൃദയാഘാതം വന്ന് ജാക്സൻ വിടപറയുന്നത്.

ജാക്സനെ സ്നേഹത്തോടെയും വെറുപ്പോടെയും ആദരവോടെയും പുഛത്തോടെയും നോക്കിക്കാണുന്നവരുണ്ട്. പക്ഷേ ഒരു കാര്യം തീർച്ചയാണ്. മില്യൻ കണക്കിന് ആരാധകർ പൊതിഞ്ഞ് നിന്നപ്പോഴും ഏകാകിയുടെ ജീവിതമാണ് ജാക്സൻ നയിച്ചത്. മരിക്കുമ്പോൾ 50 വയസ്സ് ഉണ്ടായിരുന്നെങ്കിലും ഉള്ളിൽ അയാൾ എന്നും ഒരു കുട്ടിയായിരുന്നു. ഈ കുട്ടി - മനുഷ്യനാണ് ഇനിയും ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു സംഗീത സാമ്രാജ്യം നിർമിച്ചെടുത്തത്. ■

## ഇസ്ലാം സ്വീകരിച്ചുവോ?

ജാക്സൻ ഇസ്ലാം സ്വീകരിച്ചുവെന്ന് പലപ്പോഴും അഭ്യൂഹങ്ങൾ ഉയരുകയുണ്ടായി. അഭ്യൂഹങ്ങളെന്ന് പറയാൻ കാരണം ടാബ്ലോയ്ഡ് പത്രങ്ങളായിരുന്നു ഇത് ഏറ്റുപിടിച്ചത്. തെളിവുകളൊന്നും ഒരു റിപ്പോർട്ടിലും ഉണ്ടായിരുന്നില്ല. 2007-ലും 2008-ലും ഇങ്ങനെ വാർത്തവന്നു. യൂസുഫുൽ ഇസ്ലാമും ദാവൂദ് വാൻസ്ബിയും പങ്കെടുത്ത ചടങ്ങിൽ വെച്ചായിരുന്നു ഇസ്ലാമാശ്ലേഷം എന്നും റിപ്പോർട്ടിലുണ്ടായിരുന്നു. രണ്ടുപേരും ഇത് നിഷേധിച്ചു. ജാക്സന്റെ സഹോദരൻ ജർമെയ്നെ ചുറ്റിപ്പറ്റിയായിരുന്നു മറ്റൊരു വാർത്ത. ജർമെയ്ൻ തന്റെ സഹോദരന് ഇസ്ലാമിനെ പരിചയപ്പെടുത്തിയിരുന്നുവെന്നത് നേരാണ്. പക്ഷേ ഇസ്ലാം സ്വീകരിച്ചെന്ന് അദ്ദേഹം എവിടെയും -ജാക്സന്റെ മരണശേഷം നടത്തിയ പ്രസ്താവനകളിൽ പോലും- പറഞ്ഞിട്ടില്ല. ബാലപീഡന കേസിൽ കുറ്റവിമുക്തനാക്കപ്പെട്ടശേഷം രാജവംശത്തിലെ ചില പ്രമുഖരുടെ ആതിഥ്യം സ്വീകരിച്ച് ജാക്സൻ ബഹ്റൈനിൽ താമസിച്ചിരുന്നു. ഇസ്ലാം സ്വീകരിച്ചുവെന്ന അഭ്യൂഹത്തിന് ശക്തി പകർന്ന ഒരു ഘടകം ഇതാണ്. രാജകുടുംബാംഗങ്ങളുമായി ഉടക്കി ഒടുവിൽ ജാക്സൻ ബഹ്റൈൻ വിടുകയാണുണ്ടായത്.

*ഇസ്ലാം ഓൺലൈനിൽ* ജോലി ചെയ്യുന്ന ലേഖകനെ artculture@iolteam.com എന്ന വിലാസത്തിൽ ബന്ധപ്പെടാം